# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3165** 11-12-2014-ൽ മറുപടിക്ക്

### ആറ്റിങ്ങൽ നഗരസഭയിൽ നാല് പുതിയ മാവേലിസ്റ്റോറുകൾ

**ചോദ്യം**

ശ്രീ.ബി.സത്യൻ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | നാല് കേന്ദ്രങ്ങളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിന് ആറ്റിങ്ങൽ നഗരസഭ സമർപ്പിച്ചിരുന്ന അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; പ്രസ്തുത മാവേലിസ്റ്റോറുകൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (എ) | ആറ്റിങ്ങലിൽ നാല് കേന്ദ്രങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി ആറ്റിങ്ങൽ നഗരസഭയുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം മേഖലാ മാനേജർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാധ്യതാ പഠന റിപ്പോർട്ടിന്റെയും, സപ്ലൈകോ മാനദണ്ഡമനുസരിച്ചുള്ള വാടക രഹിത കെട്ടിടവും, ഒരു ലക്ഷം രൂപയും നഗരസഭ നൽകുവാൻ തയ്യാറാകുന്നതിന്റെയും, ജീവനക്കാരുടെ ലഭ്യതയുടെയും, അടിസ്ഥാനത്തിൽ പ്രസ്തുത മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | ദേശീയ പാതയിൽ ചാത്തമ്പാറയിൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോർ സൂപ്പർബസ്സാർ ആക്കിമാറ്റാമെന്ന് ബഹു. മന്ത്രി നൽകിയ വാഗ്ദാനം പാലിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | (ബി) | ചാത്തമ്പാറ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. പഞ്ചായത്ത് പ്രൊപ്പോസലിന്റെയും, സൗകര്യപ്രദമായ കെട്ടിടത്തിന്റെ ലഭ്യതയുടെയും സാധ്യതാപഠന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ